ഭരണഭാഷ-മാതൃഭാഷ

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
Tele FAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം.ഡിബി4-7579/2014/സിഇ/തസ്വഭവ

തീയതി : 19.06.2015

# സർക്കുലർ

വിഷയം :- രാജീവ് ഗാന്ധി പഞ്ചായത്ത് സശാക്തീകരൺ അഭിയാൻ 2014-15 (RGPSA) പദ്ധതി നിർവഹണം

സൂചന :- 1) സർക്കുലർ നം. 7579/14/സിഇ/തസ്വഭവ, തീയതി 23.02.2014.
2) സർക്കുലർ നം. 7579/14/സിഇ/തസ്വഭവ, തീയതി 11.02.2015

സൂചന (1) സർക്കുലർ പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അതത് ജില്ലകളിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ സഹകരണത്തോടെ പദ്ധതി യുടെ ഏകോപനം, മോണിറ്ററിംഗ് എന്നിവ നടത്തുകയും, ആഴ്ചതോറും പ്രവൃത്തി യുടെ പുരോഗതി അവലോകനം ചെയ്ത്, റിപ്പോർട്ട് ഈ ഓഫീസിൽ എല്ലാ വെള്ളിയാ ഴ്ചയും ഇ-മെയിൽ മുഖേന ലഭ്യമാക്കേണ്ടതാണെന്ന് അറിയിച്ചിരുന്നു. എന്നാൽ റിപ്പോർട്ട് എല്ലാ ആഴ്ചയിലും ഈ ഓഫീസിൽ ലഭിച്ചിട്ടില്ല. ആയതിനാൽ 67 ഗ്രാമപഞ്ചാ യത്തുകളിലെ ഓഫീസ് കെട്ടിടനിർമ്മാണം, 300 ഗ്രാമപഞ്ചായത്തുകളിലെ ഓഫീസ് കെട്ടിട നവീകരണം എന്നിവയുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ഏഴ് ദിവസത്തി നകം ഈ ഓഫീസിൽ ലഭ്യമാക്കണം.

കൂടാതെ സൂചന (2) പ്രകാരം ആവശ്യപ്പെട്ട അവലോകനയോഗം സംബന്ധിച്ച റിപ്പോർട്ടും ഇതുവരെ ലഭ്യമായിട്ടില്ല.

അതീവപ്രാധാന്യമുള്ള ഒരു പദ്ധതി ആയതിനാൽ ഇത്തരത്തിലുള്ള വീഴ്ചകൾ ഗുരുതരമായി കാണുന്നതായിരിക്കും എന്നുകൂടെ അറിയിക്കുന്നു.

(ഒപ്പ്)
ചീഫ് എൻജിനീയർ

P 340